**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന - തോട്ടപ്പള്ളി ഹാർബറിൽ സ്പൈറൽ യൂണിറ്റ് സ്ഥാപിച്ച് ഡ്രഡ്ജ് ചെയ്യാൻ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.645/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 06/08/2018

---

പരാമർശം:- 1 സ.ഉ(സാധാ)നം: 73/2018/മതുവ തീയതി 31.01.2018.

2 ശ്രീ.എ.ജനാർദ്ദനൻ, ചീഫ് ജനറൽ മാനേജർ & ഹെഡ്, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിന്റെ 05.02.2018 ലെ CH/MNG/GOK/TPLY/2018 നമ്പർ കത്ത്.

3 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.05.2018 ലെ ഡി3/6605/2014/നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തോട്ടപ്പള്ളി ഫിഷറി ഹാർബറിൽ നിന്നും സ്പൈറൽ യൂണിറ്റ് ഒഴിവാക്കിയിട്ട് ഡ്രഡ്ജ് ചെയ്ത് ശേഖരിച്ചിരിക്കുന്ന മുഴുവൻ മണ്ണും സ്വന്തം ചെലവിൽ കൊണ്ടുപോകുന്നതിന് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് (ഡ്രഡ്ജിങ്ങിന് ഉണ്ടാകുന്ന ചെലവ് കഴിച്ച് ക്യൂബിക് മീറ്ററിന് 464.55 രൂപ നിരക്കിൽ) പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു .

2)ഹാർബറിൽ നിന്നും സ്പൈറൽ യൂണിറ്റ് ഒഴിവാക്കി ഡ്രഡ്ജ് ചെയ്ത് ശേഖരിച്ചിരിക്കുന്ന മുഴുവൻ മണ്ണും കൊണ്ടുപോകുന്നത് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് അധിക ചെലവ് ഉണ്ടാക്കുമെന്നും ആയതിനാൽ ഇപ്പോൾ നടന്നുവരുന്ന രീതിയിൽ സ്പൈറൽ യൂണിറ്റ് മുഖേന ധാതുക്കൾ വേർതിരിച്ച് കൊണ്ടുപോകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഇന്ത്യൻ റെയർ എര് ത്ത്സ് ലിമിറ്റഡ് ന് ആവശ്യപ്പെടുകയുണ്ടായി.

3)ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രവേശന കവാടത്തിലും ചാനലിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കേണ്ടത് അനിവാര്യമാണ്. വകുപ്പ് മുഖേന ഡ്രഡ്ജിംഗ് നടത്തുന്നതിന് നിലവിൽ ബുദ്ധിമുട്ടുള്ളതിനാലും ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് ഡ്രഡ്ജിംഗിന് തയ്യാറായിട്ടുള്ളതിനാലും സ്പൈറൽ യൂണിറ്റ് ഹാർബറിൽ സ്ഥാപിച്ച് പ്രവൃത്തി നടപ്പാക്കുന്നതിന് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിനു അനുമതി നൽകാവുന്നതാണ് എന്ന പരാമർശം (3) പ്രകാരം ഹാർബർ എഞ്ചിനീയറിംഗ്

വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

4)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തോട്ടപ്പള്ളി ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രവേശന കവാടത്തിനും ചാനലിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കേണ്ടത് അനിവാര്യമായതിനാൽ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന്റെ ആവശ്യം പരിഗണിച്ച് സ്പൈറൽ യൂണിറ്റ് ഹാർബറിൽ സ്ഥാപിച്ച് ഡ്രഡ്ജ് ചെയ്യാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ